DESPATCH 23/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No.692(5)/2021/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 11868/SIC-G7/2021**

തീയതി : 30.12.2022

സന്നിഹിത

ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. എസ്.ജയൻ,**
**പാട്ടത്തുവിള വീട്, എൻ.ആർ.എ–18, ചെറുവയ്ക്കൽ,**
**ശ്രീകാര്യം പി.ഒ, തിരുവനന്തപുരം –17.** } **പരാതി ഹർജിക്കാരൻ**

Vs

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ,**
**രാജ്ഭവൻ എതിർവശം, കവടിയാർ പി.ഒ, തിരുവനന്തപുരം.** } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 03.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | Nil |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 27.09.2021 |
| ഹിയറിംഗ് തീയതി | 29.11.2022 |
| എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്, 2018 ജനുവരി മാസത്തിന് ശേഷം തിരിവനന്തപുരം ഡിറ്റിപിസിയിൽ എത്ര പേരെയാണ് നിയമിച്ചത്, ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയതെന്ന് വ്യക്തമാക്കുക, ഈ നിയമനവുമായി ബന്ധപ്പെട്ട ഫയലിന്റെ മുഴുവൻ രേഖകളുടെയും പകർപ്പ് ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് എതിർകക്ഷികൾ സമയബന്ധിതമായി വിവരം ലഭ്യമാക്കിയില്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ചത്. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ

അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ പരാതി ഹർജിക്കാരൻ ഹാജരായിരുന്നു. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നില്ല.

2. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൽ അനധികൃതമായി നിയമനങ്ങൾ നടത്തുന്നുയെന്നും നിയമവിരുദ്ധമായി 4 പേരെ നിയമിച്ചിട്ടുള്ളതുകൊണ്ടാണ് അവ്യക്തവും അപൂർണ്ണവുമായ മറുപടി നൽകിയതെന്നും ആയതിനാൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്നും പരാതി ഹർജിക്കാരന്റെ പ്രതിനിധി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. പരാതി ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാതിഹർജിക്കാരൻ 03.07.2020 തീയതിയായി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് കമ്മീഷനിൽ നിന്നും 01.12.2021 ന് റിപ്പോർട്ട് ആവശ്യപ്പെട്ടതിനുശേഷം 20.12.2021 തീയതിയായിട്ടാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കാതിരുന്നത് വിവരാവകാശ നിയമം വകുപ്പ് 7(1) ന്റെ ലംഘനവും ഗുരുതര വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

4. പ്രസ്തുത പരാതിഹർജിയിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി കമ്മീഷൻ മുമ്പാകെ ഹിയറിംഗിന് ഹാജരാകേണ്ടതാണെന്ന് 23.11.2022 ലെ കത്ത് മുഖാന്തിരം എസ്.പി.ഐ.ഒ. യെ അറിയിച്ചിരുന്നെങ്കിലും പ്രസ്തുത ഹിയറിംഗിന് എസ്.പി.ഐ.ഒ

ഹാജരാകുകയുണ്ടായില്ല. കമ്മീഷൻ മുമ്പാകെ നടന്ന ഹിയറിംഗിൽ ഹാജരാകാതിരുന്നതിന്റെ കാര്യകാരണസഹിതമുള്ള വിശദീകരണം ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം നിലവിലെ എസ്.പി.ഐ.ഒ. കമ്മീഷനിൽ ഹാജരാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

5. ഹർജിക്കാരന്റെ 03.07.2020 തീയതി എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വിവരം/പകർപ്പ് നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ സൗജന്യമായി നൽകുവാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ടി പരാതി ഹർജിയിൻമേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

**JN**